"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - വയനാട് ജില്ല - സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കാലവർഷത്തിൽ തകർന്ന ഏഴ് റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ കരാറിലേർപ്പെടുന്നതിനുള്ള കാലാവധിയും പ്രവൃത്തി പൂർത്തീകരണത്തിനുള്ള കാലാവധിയും ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.205/2025/DMD തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:-

1. 28.12.2023 തീയതിയിലെ സ. ഉ. (സാധാ) നം. 763/2023/ഡി.എം.ഡി.
2. വയനാട് ജില്ലാകളക്ടറുടെ 11.03.2025 തീയതിയിലെ DCWYD/8222/2023-H3 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കാലവർഷത്തിൽ തകർന്ന ഏഴ് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 2024 പൊതുതിരഞ്ഞെടുപ്പ്, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തനിവാരണ പ്രവൃത്തികൾ, 2024 ലോകസഭ ബൈ ഇലക്ഷൻ, പ്രൈസ് സോഫ്റ്റ് വെയർ സംബന്ധിച്ച സാങ്കേതിക പ്രശ്നം എന്നിവ മൂലം യഥാസമയത്ത് കരാറിൽ ഏർപ്പെടുവാൻ സാധിച്ചിരുന്നില്ലെന്നും അതിനാൽ മേൽ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ഏഴ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടുന്നതിനുള്ള സമയപരിധി 15 ദിവസം കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാകളക്ടറുടെ ശിപാർശയും വയനാടിന്റെ നിലവിലെ സ്ഥിതിയും പരിഗണിച്ച് പരാമർശിത ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയിരുന്ന വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കാലവർഷത്തിൽ തകർന്ന ഏഴ് റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ കരാറിലേർപ്പെടുന്നതിനുള്ള കാലാവധി ഈ ഉത്തരവ് തീയതി മുതൽ 15 ദിവസം കൂടിയും പ്രവൃത്തി പൂർത്തീകരണത്തിനുള്ള കാലാവധി 6 മാസം കൂടിയും ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത പ്രവൃത്തി ഭരണാനുമതി കാലാവധിക്കകത്ത് തന്നെ പൂർത്തിയാക്കുന്നുണ്ടെന്ന് വയനാട് ജില്ലാകളക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ് (ഫയൽ നം. DMB1/56/2025-DMD)

ഉത്തരവിൻ പ്രകാരം
Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 02-04-2025 17:09:40

പകർപ്പ്: ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.-യ്ക്ക്.